# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 4838     27.06.2014-ലെ മറുപടിയ്ക്ക്

## ഗ്രാമയാത്രാപദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ഹൈബി ഈഡൻ<br>ശ്രീ.എം.എ.വാഹീദ്<br>ശ്രീ.ജോസഫ് വാഴക്കൻ<br>ശ്രീ.എം.പി.വിൻസെന്റ് | ഡോ: എം.കെ.മുനീർ<br>(ബഹു.പഞ്ചായത്തും സാമൂഹ്യ നീതിയും വകുപ്പുമന്ത്രി) |
| (എ) ഗ്രാമയാത്ര പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) 12.01.2012-ലെ സ.ഉ(സാധാ)നമ്പർ. 135/12/തസ്വഭവ ഉത്തരവുപ്രകാരം ഗ്രാമയാത്ര പദ്ധതിയ്ക്ക് രൂപം നൽകിയിട്ടുണ്ട്.<br><br>കേരളത്തിലെ 134 നിയമസഭാ നിയോജകമണ്ഡലങ്ങളിലെ തെരഞ്ഞെടുക്കപ്പെടുന്ന ഓരോ പഞ്ചായത്തിലും ഒരു വാർഡിൽ വിശേഷാൽ ഗ്രാമസഭ ചേർന്നുകൊണ്ടാണ് ഗ്രാമയാത്ര നടത്തുന്നത്. ഈ വിശേഷാൽ ഗ്രാമസഭ ചേരുന്നതിനു മുമ്പ് ആ നിയോജകമണ്ഡലത്തിലെ എല്ലാ പഞ്ചായത്തുകളിലും, വയോജനങ്ങൾ, വനിതകൾ, യുവജനങ്ങൾ, വിദ്യാർത്ഥികൾ എന്നിവരുടെ പ്രത്യേക ഗ്രാമസഭകൾ ചേർന്ന് ഗ്രാമയാത്രയിൽ പങ്കെടുക്കുന്നതിനുള്ള പ്രതിനിധികളെ തെരഞ്ഞെടുക്കുന്നു. പ്രസ്തുത ഗ്രാമയാത്രയിൽ ബന്ധപ്പെട്ട നിയമസഭാ നിയോജക മണ്ഡലത്തിലെ വിവിധ തലത്തിലുള്ള ജനപ്രതിനിധികളെക്കൂടി പങ്കെടുപ്പിക്കുന്നു. ഗ്രാമയാത്രയുടെ സംഘാടകർക്ക് ആവശ്യമായ പരിശീലനം കിലയിൽ നിന്നും നൽകുന്നതാണ്. ഗ്രാമയാത്രയുടെ വിജയകരമായ നടത്തിപ്പിനായി ജില്ലാതല മണ്ഡലതല സമിതികൾ രൂപീകരിച്ചിട്ടുണ്ട്. |
| (ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതിയിലൂടെ കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ നൽകാമോ; | (ബി) ഗ്രാമസഭകളെ ശാക്തീകരിക്കുക എന്ന ലക്ഷ്യത്തോടെയാണ് ഗ്രാമയാത്രകൾ നടത്തുന്നത്. ഭരണത്തിൽ പരമാവധി ജനപങ്കാ |

ളിത്തം ഉറപ്പുവരുത്തുക എന്ന അധികാര വികേന്ദ്രീകരണത്തിന്റെ ആത്യന്തികമായ ലക്ഷ്യം നിറവേറ്റുന്നതിനായി, ഭരണത്തിൽ ജനങ്ങൾക്ക് നേരിട്ട് പങ്കെടുക്കാൻ അവസരം നൽകുന്ന പ്രത്യക്ഷ ജനാധിപത്യ വേദികളായ ഗ്രാമസഭ കളെ സജീവമാക്കേണ്ടതുണ്ട്. ഗ്രാമസഭകളെ കൂടുതൽ ജനപങ്കാ ളിത്തമുള്ളവയാക്കുകയും ഗ്രാമ സഭകളുടെ പ്രാധാന്യത്തെക്കുറിച്ച് ജനങ്ങളെ ബോധവൽക്കരിക്കു കയും ചെയ്യുക എന്നുള്ളതാണ് ഗ്രാമയാത്ര പദ്ധതിയുടെ ആത്യന്തിക ലക്ഷ്യം.

| | | | |
|---|---|---|---|
| (സി) | എത്ര പഞ്ചായത്തുകളിൽ പദ്ധതി പൂർത്തിയാക്കിയിട്ടുണ്ട്; വിശദമാക്കുമോ; | (സി) | 30 നിയമസഭാ നിയോജക മണ്ഡലങ്ങളിൽ ഗ്രാമയാത്ര പൂർത്തീകരിച്ചിട്ടുണ്ട്. ഓരോ നിയമസഭാമണ്ഡലത്തിലും ഉൾപ്പെട്ട എല്ലാ പഞ്ചായത്തു കളുടേയും പങ്കാളിത്തത്തോടെ യാണ് പ്രസ്തുത മണ്ഡലങ്ങളിലെ തെരഞ്ഞെടുക്കപ്പെട്ട ഒരു പഞ്ചായ ത്തിലെ ഒരു വാർഡിൽ ഗ്രാമയാത്ര നടത്തുന്നത്.<br>ആയതിനാൽ ഇതുവരെ ഗ്രാമയാത്ര പൂർത്തിയായ 30 മണ്ഡലങ്ങളിലായി 224 പഞ്ചായ ത്തുകളിൽ ഗ്രാമയാത്ര പദ്ധതി പൂർത്തിയാക്കിയിട്ടുണ്ട്. |
| (ഡി) | ശേഷിക്കുന്ന പഞ്ചായ ത്തുകളിൽ പദ്ധതി പൂർത്തിയാ ക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാം ശങ്ങൾ അറിയിക്കുമോ? | (ഡി) | ശേഷിക്കുന്ന ഗ്രാമയാത്രകൾ സൗകര്യപ്രദമായ രീതിയിൽ ഘട്ടം ഘട്ടമായി സംഘടിപ്പിക്കുന്ന തിനുള്ള നടപടികൾ സ്വീകരിച്ചി ട്ടുണ്ട്. |

സെക്ഷൻ ഓഫീസർ